**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില കൂട്ടാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വില വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സബ്സിഡി വില പുനർനിർണ്ണയമുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. സർക്കാർ ആയവ പരിശോധിച്ചു വരുന്നു. |
| (ബി) | സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില്പന വില നിലവിലെ പൊതുവിപണി വിലയേക്കാൾ വളരെ കുറവാണ്. ആയതിനാൽ സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങളുടെ വില കാലാനുസൃതമായി പൊതു വിപണിവിലയെയും പണപ്പെരുപ്പ സൂചികയെയും അടിസ്ഥാനമാക്കി കൂടുതൽ ജനങ്ങൾക്ക് ഈ സബ്സിഡി ആനുകൂല്യം ലഭിക്കത്തക്കവിധം പരിഷ്കരിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കും എന്ന് കരുതുന്നില്ല. |
| (സി) | സംസ്ഥാനത്ത് സാധാരണ ജനങ്ങൾ വിലക്കയറ്റം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ